SAHITYALOKAM MALAYALAM BIMONTHLY

# സാഹിത്യലോകം

കേരള സാഹിത്യ അക്കാദമി

ISSN 2319-3263

Vol.No.52 | Issue No.6 |November-December 2023 | ₹40

Annual Subscription ₹240



**സാഹിത്യലോകം**

ദ്വൈമാസിക

പുസ്തകം 52 ലക്കം 6

2023 നവംബർ-ഡിസംബർ

വില : 40 രൂപ

വാർഷിക വരിസംഖ്യ : 240 രൂപ



പത്രാധിപസമിതി

*പ്രസിഡന്റ്* | **സച്ചിദാനന്ദൻ**

*സെക്രട്ടറി & എഡിറ്റർ* | **പ്രൊഫ. സി.പി. അബൂബക്കർ**

*കൺവീനർ* | **കെ.ഇ.എൻ. കുഞ്ഞഹമ്മദ്**

*സബ് എഡിറ്റർ ഇൻ ചാർജ്* | **എൻ.ജി. നയനതാര**

*അംഗങ്ങൾ*

**എൻ. രാജൻ**

**ശ്രീലതാവർമ്മ**

**ബെന്യാമിൻ**

**രാവുണ്ണി**

**ഡോ. ഇ.വി. രാമകൃഷ്ണൻ**

*കവർ ഡിസൈൻ & ലേ-ഔട്ട്* | **രാജേഷ് ചാലോട്**

*പ്രൂഫ്* | **ടി.എസ്. സന്തോഷ്**



*അച്ചടിനിർവ്വഹണം*

കാർമ്മൽ ഓഫ്സെറ്റ്, തൃശ്ശൂർ.

*വിലാസം*

**കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ-680 020**

E-mail: **office@keralasahityaakademi.org**

**editorial@keralasahityaakademi.org**

Website: **keralasahityaakademi.org**

Printed and published by C.P. Aboobacker on behalf of Kerala Sahitya Akademi, Thrissur and printed of Carmel Offset, Thrissur and Published at Kerala Sahitya Akademi, P.B. No. 501, Thrissur District, Kerala state. Editor: C.P. Aboobacker



സാഹിത്യലോകം സാഹിത്യലോകം സാഹിത്യലോകം

# ഉള്ളടക്കം


06 മലയാളികളുടെ സമകാലിക ഭാഷാമനോഭാവം: സൈബറിടത്തിലെ മൊഴിഭേദങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം
**റ്റിബി മരിയ തോമസ്**

18 ഭാഷയുടെ 'വിമത' ജീവിതം: ഹിജ്റ സമുദായം ഉപയോഗിക്കുന്ന കോത്തിഭാഷയെ മുൻനിർത്തിയുള്ള പഠനം
**ആദർശ് ഇ.**

34 കേരളത്തിലെ കൊങ്കണി: ചരിത്രം, വ്യക്തിത്വം, വർത്തമാനം
**ഡോ. സൂര്യ പി.**

39 കാസർഗോഡിന്റെ തീരദേശമൊഴിഭേദങ്ങൾ
**ഡോ. ദേവി കെ.**

52 കോക്കാഞ്ചറയിലെ വർത്തമാനം: ലിപിപഠനവും ഭാഷണഭേദവും
**ഡോ. സിജി എം.വി.**

61 അധിനിവേശാനന്തര ഗോത്രജീവിതവും ഗോത്രഭാഷാകവിതകളും
**ഡോ. ശ്രീജ ജെ.എസ്.**

71 കേരളദഖ്നി: ഭാഷ, ചരിത്രം, വാമൊഴിസാഹിത്യം
**ഷഹാനാഷിരിൻ പി.പി.**

83 ചാവൊലിയിലെ സാമൂഹികഭാഷാശാസ്ത്രവും ഭാഷാരാഷ്ട്രീയവും
**ഡോ. കെ.പി. രവിചന്ദ്രൻ**

96 കൊല്ലം തീരദേശത്തെ മൊഴിഭേദങ്ങൾ
**ഡോ. സുരേഷ് മാധവ്**

102 ജൂതമലയാളം: ചരിത്രം, വിനിമയം, സാംസ്കാരികപശ്ചാത്തലം
**ഡോ. അമ്പിളി പി.സി.**

108 മലയാള നവസിനിമയും പ്രാദേശിക ഭാഷാവൈവിദ്ധ്യങ്ങളും
**ഡെറി പോൾ ടി.എം.**

119 മമ്മൂട്ടി എന്ന മൊഴിഭേദചാരുത
**ഡോ. എസ്. ഗോപു**

ഡോ. സുരേഷ് മാധവ്

# കൊല്ലം തീരദേശത്തെ മൊഴിഭേദങ്ങൾ

കാട്ടും നാട്ടും കടലും വേർതിരിക്കുന്ന ദേശപ്രകൃതിയിൽ ഭാഷയുടെ പലതരം കളിയാട്ടങ്ങൾ തെളിയുക സ്വാഭാവികമാണ്. കൊല്ലം നഗരവുമായി ബന്ധപ്പെട്ടുകിടക്കുന്ന തീരദേശത്തിന്റെ മൊഴിഭേദങ്ങൾ സാമൂഹികജീവിതത്തിലും അവിടുത്തെ സാഹിത്യത്തിലും ചെലുത്തുന്ന സ്വാധീനമാണ് പ്രബന്ധവിഷയം.

തനതുഭാഷ പച്ചയും എഴുത്തുഭാഷ പാചകവുമാണെന്ന് നമുക്കറിയാം. ഓരോ ദേശത്തും നിലനില്ക്കുന്ന തനിമയോടെ, സ്വാഭാവികമായ രീതിയിൽ ഭാഷ പ്രയോഗിക്കുമ്പോൾ, അത് സ്വന്തം ദേശത്തിന്റെ ചട്ടുലതയും ചൂരും തെളിച്ചിടുന്നുണ്ട്. ആധുനികമായ സാമൂഹികസംസർഗ്ഗംകൊണ്ട് മാനകഭാഷ എന്ന ഏകകത്തിലേക്ക് ഭാഷാസംവേദനസങ്കല്പം മാറുമ്പോഴും പ്രാദേശികമായ മൊഴിഭേദങ്ങളുടെ സാംസ്കാരികത്തെളിമ ഒട്ടും തെളിച്ചം കുറയാതെ നിലകൊള്ളുന്നു. അതിനുദാഹരണമാണ് കൊല്ലം തങ്കശ്ശേരി മുതൽ താന്നി വരെയുള്ള കടപ്പുറഭാഷയുടെ പ്രാദേശികപാഠമായി പുറത്തിറങ്ങിയ *ഞാങ്ങ നീങ്ങ* എന്ന കൃതി. തീരദേശസംസ്കാരത്തിന് ഒരു പ്രാദേശികപാഠം എന്ന സന്ദേശവുമായി തദ്ദേശവാസിയായ ജെർസൻ സെബാസ്റ്റ്യൻ തയ്യാറാക്കിയ *ഞാങ്ങ നീങ്ങ*, കൊല്ലം